# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3633 — 15-12-2014 ന് മറുപടി നൽകേണ്ടത്

## പെൻഷൻ പറ്റിയതിന് ശേഷവും പുനർ നിയമനം ലഭിച്ച് സർവ്വീസിൽ തുടരുന്നവർ

**ചോദ്യം** — **ഉത്തരം**

ശ്രീ.വി.ശശി — ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | പെൻഷൻ പറ്റിയതിന് ശേഷവും സർക്കാരിൽ വിവിധ കാരണങ്ങളാൽ സേവനം അനുഷ്ഠിക്കുന്ന എത്രയാളുകൾ ഉണ്ട്; അവരുടെ പേര് വിവരം വെളിപ്പെടുത്താമോ; | (എ) | സർവ്വീസിൽ നിന്ന് പെൻഷൻ പറ്റിയ ശേഷം സർക്കാർ നിയന്ത്രണത്തിലുള്ള വിവിധ സ്ഥാപനങ്ങളിലും കമ്മീഷനുകളിലും പുനർ നിയമനം ലഭിച്ച താഴെപ്പറയുന്നവർ നിലവിൽ സേവനമനുഷ്ഠിച്ചുവരുന്നു. ഐ.എ.എസിൽ നിന്ന് റിട്ടയർ ചെയ്ത ശ്രീ. ജോസ് സിറിയക്, സംസ്ഥാന ഇന്നവേഷൻ കൗൺസിൽ ചെയർമാൻ എന്ന നിലയിലും, ശ്രീ. എം.പി. ജോസഫ്, തൊഴിൽ വകുപ്പിൽ അഡ്വൈസർ എന്ന നിലയിലും, ശ്രീ.വി.എൻ. ജിതേന്ദ്രൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ എന്ന നിലയിലും, ശ്രീമതി വൽസലകുമാരി, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എന്ന നിലയിലും ശ്രീ. എൽ. രാധാകൃഷ്ണൻ ബഹു.മുഖ്യമന്ത്രിയുടെ അഡ്വൈസർ എന്ന നിലയിലും ഐ.പി.എസിൽ നിന്നും റിട്ടയർ ചെയ് ശ്രീ. ജേക്കബ് പുന്നൂസ് നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിൽ ചീഫ് കമ്മീഷണർ എന്ന നിലയിലും ജോലി ചെയ്തുവരുന്നു. കേരള സംസ്ഥാന വിവരാവകാശ കമ്മീഷനിൽ മുഖ്യ വിവരാവകാശ കമ്മീഷണറായി ഐ.പി.എസിൽ നിന്നും വിരമിച്ച ശ്രീ. സിബി മാത്യൂസും, ശ്രീ. നടരാജനും (ഇപ്പോൾ സസ്പെൻഷനിൽ) ഐ.എ.എസിൽ നിന്ന് വിരമിച്ച ശ്രീ. എം.എൻ. ഗുണവർദ്ധനനും വിവരാവകാശ കമ്മീഷണർമാരായി സേവനമനുഷ്ഠിച്ചുവരുന്നു. ഐ.എഫ്.എസിൽ നിന്നും റിട്ടയർ ചെയ്ത ശ്രീ. റ്റി.എം. മനോഹരൻ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിലെ ചെയർമാൻ എന്ന നിലയിലും ജോലി ചെയ്തുവരുന്നു. പൊതുഭരണ വകുപ്പിൽ നിന്ന് സ്പെഷ്യൽ സെക്രട്ടറി തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. കെ.ബി. |

| | | | |
|---|---|---|---|
| | | | സന്തോഷ് കുമാറിന് കേരളാ സ്റ്റേറ്റ് യൂത്ത് കമ്മീഷൻ സെക്രട്ടറിയായി പുനർനിയമനം നൽകിയിട്ടുണ്ട്. ഈ വകുപ്പിൽ ശ്രീമതി എസ്. വസന്തകുമാരി സർവ്വീസിൽ നിന്നും വിരമിച്ച ശേഷവും ഗാർഡൻ സൂപ്പർവൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്നുണ്ട്. സെക്രട്ടേറിയറ്റിലെ മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരവും മറ്റു സ്ഥാപനങ്ങളിലെ ഇത്തരം പുനർ നിയമനത്തെ സംബന്ധിച്ച വിവരവും ശേഖരിച്ചുവരുന്നു. |
| (ബി) | പല തവണ സേവന കാലാവധി നീട്ടികൊടുത്ത് പുനർ നിയമനം ലഭിച്ച് സർവ്വീസ് തുടരുന്നവരുടെ പേര് വിവരം ലഭ്യമാക്കുമോ; | (ബി) യും (സി) യും | പൊതുഭരണ വകുപ്പിന് കീഴിൽ ആർക്കും പല തവണ സേവന കാലാവധി നീട്ടികൊടുത്ത് പുനർ നിയമനം നൽകിയിട്ടില്ല. മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. |
| (സി) | ഇത്തരത്തിൽ സേവനം നീട്ടി കൊടുക്കാനുണ്ടായ കാരണങ്ങൾ വിശദീകരിക്കാമോ; ഇപ്രകാരം പുനർ നിയമനങ്ങൾ നടത്തുന്നത് വഴി താഴെ തട്ടിൽ ഉള്ളവരുടെ ഉദ്യോഗകയറ്റം തടയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ